# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിരണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ പുതിയ കഥ പറയാൻ തുടങ്ങി. ഇറച്ചികടയിൽ വായും പൊളിച്ചിരിക്കുന്ന നായെ പോലെ ഞാൻ കാതും കൂപ്പിച്ച് ഇരുന്നു. എപ്പോഴും പുതുമയുള്ള അച്ചന്റെ കഥകൾ കേൾക്കാൻ എല്ലാവരേയും പോലെ ഞാനും ഔത്സുകനാണ്. ചുരുങ്ങിയ സമയം കൊണ്ട് ഒരു കഥ പറഞ്ഞു തീർക്കുക എന്നത് അച്ചന്റെ ഒരു പ്രത്യേകതയാണ്. കേട്ടുകൊണ്ടിരിക്കുന്നവർക്കോ, ഇത് വായിച്ചുകൊണ്ടിരിക്കുന്നവർക്കോ ബോറടിക്കത്തില്ലന്നത് സത്യമാണ്.

# ബഫേ

അമേരിക്കയിലുള്ള ഒരു ഇടവകയിൽ നടന്ന സംഭവമാണിത്. ധാരളം ഇടവക അംഗങ്ങളുള്ളതും സാമ്പത്തികമായി യാതൊരു പ്രയാസവുമില്ലാത്തതുമായ ഒരിടവകയാണത്. തന്മൂലം പണം ധാരാളമായി ചെലവഴിക്കാനും അവർക്കുണ്ട്. അമേരിക്കയിൽ എവിടെയെങ്കിലും സഭയിലെ ഒരു മെത്രാപ്പേലീത്താ വന്നെന്നറിഞ്ഞാൽ അദ്ദേഹത്തെ ആ പള്ളിയിൽ കൊണ്ടു വന്നിരിക്കും. ഭക്തജനങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും കുഞ്ഞുങ്ങൾക്കും എല്ലാം മെത്രാച്ചന്മാരെ എല്ലാ ഞായറാഴ്ച മാത്രമല്ല എല്ലാ ദിവസവും കാണുന്നത് നയനാന്ദകരമാണ്. ഇങ്ങിനെ വരുന്ന മെത്രാച്ചന് ആതിഥ്യം നൽകാനും ഇടവകാംഗങ്ങൾ തമ്മിൽ ഇടിയാണ്. മെത്രാച്ചനെ താമസിപ്പിക്കുന്നതിനുവേണ്ടി വലിയ വീടുകൾ വാങ്ങിയവരുണ്ടെന്നു കൂടി അവിടെ ശ്രുതിയുണ്ട്.

ആ ഇടവകയിലെ നല്ല ധനിക കുടുംബമാണ് പ്രെഫസർ വക്കിയുടെത്. അദ്ദേഹവും ഭാര്യ കൊച്ചന്നമ്മയും മാത്രമേ ആ വലിയ ബംഗ്ലാവിൽ താമസമുള്ളു. രണ്ടു പെൺമക്കളുള്ളതിനെ വളരെ വർഷങ്ങൾക്കു മുമ്പേ കെട്ടിച്ചു വിട്ടതാണ്. കോളേജിലെ പ്രൊഫസറാണ് വക്കി. ഏകദേശം എഴുപതു വയസ്സുള്ള അദ്ദേഹം ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്. ഭാര്യ അന്നകൊച്ചിനും ഏകദേശം എഴുപതോടടുത്ത പ്രായമുണ്ട്. അവരും ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്. ധാരാളം പണമുണ്ട്. ധാരാളമായി ചെലവഴിക്കുന്നുമുണ്ട്. പള്ളിക്കും ധാരാളമായി കൊടുക്കുന്നുണ്ട്. പണം ചെലവഴിക്കാൻ അവർക്ക് യാതൊരു മടിയുമില്ല. കൂടാതെ അന്നക്കൊച്ച് നല്ല ഒരു കുക്കുകൂടിയാണ്. അവരുണ്ടാക്കുന്ന സ്വാദിഷ്ടമായ ഭക്ഷണം കഴിക്കാൻ ആർക്കും എപ്പോഴും കമ്പം തോന്നും.

ഇപ്രാവശ്യം സഭയിലെ മെത്രാച്ചൻ താമസിക്കാനായി ഏർപ്പാടു ചെയ്തിരിക്കുന്നത് ഈ വീട്ടിലേക്കാണ്. അപ്പോൾ വിമാനത്താവളത്തിൽ ചെന്ന് കൂട്ടിക്കൊണ്ടുവരുന്നതു മുതൽ മടക്കി വിമാനത്താവളത്തിൽ കൊണ്ടു വിടുന്നതു വെരെ എല്ലാ കാര്യങ്ങളും ആ വീട്ടുകാരാണ് ചെയ്യേണ്ടത്. ആക്കെങ്കിലും എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ മറ്റെല്ലാ വീട്ടുകാരും അതിന് തയ്യാറായിരിക്കുകയാണ്. ഒരു മെത്രാച്ചൻ ഒരു സ്ഥലത്തു വന്നാൽ ഏകദേശം ഒരാഴ്ച ആ സ്ഥലത്ത് താമസിച്ചിട്ട് പോകും. അതാണ് സാധാരണ പതിവ്. ഇതിനിടയിൽ അദ്ദേഹം ഇടവകയിലെ പല വീടുകളിലും ഭവന സന്ദർശനവും ഭക്ഷണവും എല്ലാം കഴിക്കും.

അന്നക്കൊച്ചും ഈ മെത്രാച്ചനും ഒരേ നാട്ടുകാർ എന്നതിലുപരി ഒരേ പ്രായക്കാരും ദീർഘകാലം ഒന്നിച്ചു പഠിച്ചവരുമാണ്. അക്കാലത്ത് സുന്ദരിയായിരുന്ന കൊച്ചന്നയെ നോക്കി പലപ്പോഴും നിന്നിരുന്നെന്ന കാര്യം ഇപ്പോഴും മെത്രാച്ചൻ സമ്മതിക്കുന്നുണ്ട്. അന്നും ഇന്നും അവർ സുന്ദരിയാണ്.

ആ ഭവനത്തിൽ താമസിക്കാനിടയായതിൽ മെത്രാച്ചനും വളരെ സന്തോഷമായിരുന്നു. അന്നക്കൊച്ചുമായി പൂർവ്വകാല സ്മരണകൾ അയവിറക്കാൻ സാധിച്ചതും അദ്ദേഹത്തിന് വളരെ ഇഷ്ടമായി.

സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്ന രണ്ടു കുടുംബങ്ങളായിരുന്നു മെത്രാച്ചന്റേതും കൊച്ചന്നയുടേയും. പഠിക്കാനുള്ള അതിസാമർത്ഥ്യവും ദൈവഭക്തിയുംകൊണ്ട് അദ്ദേഹം സഭയിലെ മെത്രാച്ചനായി. നേഴ്സിംഗ് പഠിച്ച് അമേരിക്കയിൽ എത്തിയതുകൊണ്ട്, അമേരിക്കയിൽ എത്തണമെന്ന് വളരെയധികം ആഗ്രഹിച്ചിരുന്ന പ്രൊഫസറെ വിവാഹം ചെയ്യാനും സാധിച്ചു. സുന്ദരിയും പാചകകലയിൽ നൈപുണ്യമുള്ളവളും മര്യാദക്കാരിയുമായ അന്നക്കൊച്ചിനെ ഭാര്യയായി കിട്ടിയതിൽ വക്കിയും വളരെ സന്തുഷ്ടനാണ്. ദീർഘകാലമായുള്ള അവരുടെ ദാമ്പത്യജീവിതത്തിൽ ഇതുവെരെ യാതൊരേശാപേശുലുകളും ഉണ്ടായിട്ടില്ല.

അധികം സംസാരിക്കാത്ത, എപ്പോഴും ചിരിച്ച മുഖവുമായി നിൽക്കുന്ന അന്നക്കൊച്ചിന്റെ സാമിപ്യം മെത്രാച്ചനും വളരെ സന്തോഷമായി. കൂടാതെ അവർ പാചകം ചെയ്തുകൊടുക്കുന്ന സാദിഷ്ടകരമായ ഭക്ഷണവും.

മെത്രാച്ചൻ വരുമ്പോൾ അദ്ദേഹത്തെ കൂട്ടി നല്ല ഏതെങ്കിലും റെസ്റ്റൊറന്റിൽ കൊണ്ടുപോകണമെന്ന് വക്കി നേരത്തെ ആഗ്രഹിച്ചിരുന്നതാണ്. ആ വിവരം അദ്ദേഹത്തോടു പറഞ്ഞപ്പോൾ ''സഭയിലെ മെത്രാച്ചന്മാർ ഏതെങ്കിലും റസ്റ്റൊറന്റുകളിൽ പോയി ഭക്ഷണം കഴിക്കുമോ'' എന്നായി. സഭയിലെ ഏതെങ്കിലും മെത്രാച്ചന്മാർ ഏതെങ്കിലും ഭവനങ്ങളിൽ താമസിക്കുമോ?'' എന്ന മറു ചോദ്യത്തിനുത്തരമില്ലാതായി. കേരളത്തിന് വെളിയിൽ, ഇന്ത്യയ്ക്ക് വെളിയിൽ പോയിട്ടില്ലാത്ത ഒരു മെത്രാച്ചന് ഇതെല്ലാം ഒരു പുതിയ അനുഭവമായിരുന്നു.

നമ്മൾ പോകുന്നത് ജാപ്പനീസ് ഭക്ഷണം കഴിക്കാനാണ് പോകുന്നത്. അവിടെ ബഫേ സ്റ്റൈലിലാണ് ഭക്ഷണം. ഏകദേശം ഒരു മൈൽ നീളത്തിൽ ഭക്ഷണങ്ങൾ നിരത്തി വെച്ചിരിക്കും. നമ്മൾ ഒരു പ്ലയിറ്റെടുത്ത് നമ്മൾക്കാവശ്യമുള്ള ഭക്ഷണം കുറച്ചെടുത്ത് ആദ്യം കഴിച്ചശേഷം പ്ലയിറ്റ് കഴിച്ച മേശയിൽ തന്നെ വെച്ച ശേഷം പിന്നേയും പിന്നേയും വേറേ വേറേ പ്ലയിറ്റെടുത്ത് കുറേശെ കുറേശെ വേറേ വേറേ ഭക്ഷണങ്ങൾ എടുക്കുക. ഈ കടയിൽ വന്ന് ഒന്നും കഴിച്ചില്ലങ്കിലും ധാരാളമായി കഴിച്ചാലും വിലയൊന്നു മാത്രമാണ്. ഇങ്ങിനെ എല്ലാ കാര്യങ്ങളും വിശദമായി പറഞ്ഞു മനസ്സിലാക്കിയതിനു ശേഷമാണ് മെത്രാച്ചനെ ആ കടയിൽ എത്തിച്ചത്. പറഞ്ഞതെല്ലാം അദ്ദേഹം മൂളി കേട്ടു. പക്ഷേ കടയിൽ ചെന്ന് മേശയുടെ മുൻപിൽ ഇരിക്കുന്നതല്ലാതെ അവിടെ നിന്നദ്ദേഹം എഴുന്നേൽക്കാൻ കൂട്ടാക്കിയില്ല. ഒടുവിൽ അദ്ദേഹം അവരുടെ കൂടെ പോയി. അധികം വരുന്നതോ, ഇഷ്ടമല്ലാത്തതോ ആയ ഭക്ഷണം അവിടെ വെച്ച് കളയണമെന്നത് മെത്രാച്ചനെ സംബന്ധിച്ച് പാപമെന്നായി. അധിക ഭക്ഷണം കഴിക്കണമെന്നതും പാപമായി. എന്തായാലും ഇന്ന് ദൈവം ക്ഷമിയ്ക്കാത്ത രണ്ടു പാപങ്ങൾ ചെയ്തു; വളരെ ഭക്ഷണസാധനങ്ങൾ വെറുതെ കളയാനിടയായി, കൂടാതെ ഇന്ന് അമിത ഭക്ഷണം കഴിച്ചു. ഇത്രയും രുചിയുള്ള നല്ല ഭക്ഷണം കാണുമ്പോൾ ആരാണ് അധികം കഴിയ്ക്കാതിരിക്കുക.

നാട്ടിൽ മടങ്ങി ചെന്നപ്പോൾ അദ്ദേഹത്തിന് പറയാനുണ്ടായിരുന്ന പ്രധാന കാര്യങ്ങളിലൊന്ന് ''നിങ്ങൾ അമേരിക്കയിലെ ബഫേ കഴിയ്ക്കണമെന്നതായിരുന്നു. ഈ പുതിയ സാധനമെന്തന്ന് നമ്മുടെ നാട്ടുകാർ കേട്ടത്ഭുതപ്പെട്ടു.